"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിജിലൻസ് വകുപ്പ് - ചങ്ങനാശ്ശേരി സബ് ആർ.റ്റി. ഓഫീസിൽ നടത്തിയ മിന്നൽ പരിശോധന - ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. സുമേഷ് കെ. എസ്. -നെതിരെ തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിജിലൻസ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.151/2025/VIG തീയതി,തിരുവനന്തപുരം, 29-08-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23/04/2024 തീയതിയിലെ ഇ7-(പി.ഇ.7/2023/കെ.റ്റി.എം.) 28505/2023/ഡി.വി.എ.സി.ബി നമ്പർ കത്ത്.
2. 09/09/2024 തീയതിയിലെ എ3/125/2024/വിജി നമ്പർ കുറ്റാരോപണ മെമ്മോ.
3. 26/09/2024-ൽ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകിയ എ3/125/2024/വിജി നമ്പർ കത്ത്.
4. ശ്രീ. സുമേഷ് കെ.എസ്. സമർപ്പിച്ച 11/02/2025ലെ പ്രതിവാദ പത്രിക.
5. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 10/06/2025-ലെ ജി4/60/2024/റ്റിസി നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് ഓഫിസുകളിൽ നടക്കുന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി സബ് ആർ.റ്റി ഓഫീസിൽ എസ്.സി 66/2022/കെ.ടി.എം നമ്പരായി ഒരു മിന്നൽ പരിശോധന നടത്തുകയും ടി പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമം 1988, സെക്ഷൻ 17 എ പ്രകാരമുള്ള അനുമതി കൂടാതെ പിഇ 7/2023/കെ.ടി.എം. നം. ആയി ഒരു പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. പ്രാഥമികാന്വേഷണത്തിൽ, ചങ്ങനാശ്ശേരി സബ് ആർ.ടി.ഓഫീസിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ.സുമേഷ്.കെ.എസ് ഡ്രൈവിംഗ് സ്കൂൾ ഉടമകളിൽ നിന്നും ആർ.ടി.ഒ ഏജന്റമാരിൽ നിന്നും പണം കൈപ്പറ്റിയിട്ടുള്ളതായും, അനധികൃത സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുള്ളതായും ടിയാന്റെ സഹോദരൻ നടത്തി വരുന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് ഡ്രൈവിംഗ് സ്കൂൾ ഉടമകളെ സ്വാധീനം ഉപയോഗിച്ച് പ്രേരിപ്പിച്ചതായും ബോധ്യപ്പെട്ടതിനാൽ,

ശ്രീ.സുമേഷ്.കെ.എസ്-നെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിനും 2004-2011 വരെയും 2003 മുതൽ നാളിതുവരെയും ദീർഘ കാലമായി ചങ്ങനാശ്ശേരി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ജോലി ചെയ്ത് വരുന്ന ടിയാനെ പൊതുജന സമ്പർക്കം ഇല്ലാത്ത വടക്കൻ ജില്ലകളിലെ ഏതെങ്കിലും അപ്രധാന തസ്തികയിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുന്നതിനും വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും, ടിയാനെ അപ്രധാന തസ്തികയിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുന്നതിന് ഗതാഗത വകുപ്പിന് നിർദ്ദേശം നൽകുകയും ടിയാനെതിരെ ട്രിബ്യൂണൽ അന്വേഷണം നടത്തുവാനുള്ള താത്ക്കാലിക തീരുമാനം കൈക്കൊണ്ട്, അന്വേഷണ നടപടിക്രമത്തിന്റെ ഭാഗമായി ശ്രീ.സുമേഷ്.കെ.എസ്-നെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക പരാമർശം (5) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

4. പല സുഹൃത്തുക്കളുമായും സാമ്പത്തികമായി കൊടുക്കൽ വാങ്ങലുകൾ നടത്തിയത് അക്കൗണ്ട്സ്റ്റേറ്റ്മെന്റിൽ ഉണ്ടെന്നിരിക്കെ RTO ഓഫീസുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സുഹൃത്തുക്കളെ മാത്രം ഉൾപ്പെടുത്തി ടിയാനെതിരെ ഇങ്ങനെ ഒരു ആരോപണം ഉന്നയിച്ചിരിക്കുന്നത് തികച്ചും ദുരുദ്ദേശപരമാണെന്നും, ടിയാന്റെ വ്യക്തിപരമായ ലാഭത്തിനായി ഒരു സർക്കാർ സേവനവും ദുരുപയോഗം ചെയ്തിട്ടില്ലെന്നും, നാളിതുവരെയുള്ള സർവ്വീസ് ജീവിതത്തിൽ വകുപ്പിനോ സർക്കാരിനോ നഷ്ടമോ കളങ്കമോ വരുത്തുന്ന രീതിയിൽ ഉള്ള ഒരു പ്രവർത്തനവും ഉണ്ടായിട്ടില്ലെന്നും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കപ്പെടുന്ന ഇക്കാലത്ത് തികച്ചും സുതാര്യമായി നടത്തപ്പെട്ടിട്ടുള്ള ഈ ഇടപാടുകൾ കൈക്കൂലി ആയി ചിത്രീകരിക്കപ്പെട്ടത് അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങൾ മാത്രമായിക്കണ്ട് പ്രതിവാദ പത്രിക സ്വീകരിച്ച് മേൽപറഞ്ഞ ആരോപണങ്ങളിൽ നിന്നും ടിയാനെ കുറ്റ വിമുക്തനാക്കുകയും, ശിക്ഷണനടപടികൾ ഒഴിവാക്കുകയും ചെയ്യണമെന്ന് ടിയാൻ പ്രതിവാദ പത്രികയിൽ അപേക്ഷിച്ചിരുന്നു. പ്രതിവാദ പത്രികയിൽ ഹിയറിംഗ് ആവശ്യപ്പെട്ടതിൻ പ്രകാരം വിജിലൻസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ 18/07/2025 -ന് നേരിൽ കേട്ടിരുന്നു.

5. ഹിയറിംഗ് വേളയിലും ടിയാൻ പ്രതിവാദ പത്രികയിലുന്നയിച്ച വാദങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി. ദീർഘകാലം സുഹൃത്ബന്ധമുള്ളവരുമായി നടത്തിയ സാമ്പത്തിക ഇടപാടുകളാണ് അന്വേഷണത്തിൽ അവിശുദ്ധ ഇടപാടുകളായി ചിത്രീകരിച്ചിരിക്കുന്നതെന്നും

ആയതിനാൽ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ ഹിയറിംഗ് വേളയിൽ അഭ്യർത്ഥിച്ചു.

6. സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി നല്കാൻ ടിയാന് സാധിച്ചിട്ടില്ലാത്തതിനാലും, കുറ്റാരോപിതന്റെ വാദങ്ങൾ പ്രഥമദൃഷ്ട്യാൽ ഉള്ള രേഖകൾ കൊണ്ട് ശരിയെന്നു കാണാൻ കഴിയാത്ത സാഹചര്യത്തിലും ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.സുമേഷ്.കെ.എസിന് എതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

7. പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-നെ ചുമതലപ്പെടുത്തുന്നു.

8. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആൻഡി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം ടി കെ
ജോയിന്റ് സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.)
ശ്രീ.സുമേഷ്.കെ.എസ്., ഓഫീസ് അറ്റൻഡന്റ് (ഗതാഗത കമ്മീഷണർ മുഖാന്തിരം)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഗതാഗത വകുപ്പ്

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Mini T R

സെക്ഷൻ ഓഫീസർ

Date: 03-09-2025 10:55:44

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.